| Roll Number | | |
|---|---|---|

Code Number 12

# INDIAN SCHOOL MUSCAT
## MID TERM EXAMINATION
## MALAYALAM

CLASS: X

Sub.Code: 012

Time Allotted: 3 Hrs.

17.09.2017

Max.Marks: 80

## എ വിഭാഗം / SECTION A

### I. താഴെകൊടുത്ത ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

സാഹിത്യത്തിൻെറ എക്കാലത്തെയും മുഖ്യപ്രമേയങ്ങളിൽ ഒന്നാണ് വിശപ്പ്. ലോകജനതയെ ഈ വിഷയത്തിന് പ്രേരിപ്പിച്ച ഒരു കൃതിയായിരുന്നു വിക്ടർ ഹ്യൂഗോവിൻെറ 'പാവങ്ങൾ'. വിശപ്പിൻെറ ഇതിഹാസം തന്നെയാണ് അത്. ഇതുപോലെ 'വിശപ്പ്' വിഷയമാക്കിയ എത്രയോ ക്ലാസിക് കൃതികളും ചലച്ചിത്രങ്ങളും ഉണ്ടായിട്ടുണ്ട്. അന്നമില്ലാതെ ജീവനില്ല, ജീവിതവുമില്ല. ജീവൻെറ നിലനിൽപ്പിന് ഏറ്റവും പ്രധാനമായത് ആഹാരമാണ്. അത് തേടിയുള്ള നെട്ടോട്ടമാണ് ഒരർഥത്തിൽ ജീവിതം. അന്നത്തിൻെറ മൂല്യവും അന്നമില്ലായ്മയുടെ വേദനകളും നമ്മുടെ നവോഥാനകഥാകൃത്തുക്കളുടെ തൂലികയ്ക്ക് വിഷയമായിട്ടുണ്ട്. ജന്മദിനത്തിൽ പട്ടിണി കിടക്കേണ്ടിവന്ന എഴുത്തുകാരൻെറ അനുഭവം ആവിഷ്കരിക്കുന്ന വൈക്കം മുഹമ്മദ് ബഷീറിൻെറ 'ജന്മദിനം', കുടുംബത്തിൻെറ പട്ടിണി മാറ്റാൻ മകൻെറ ജീവിതം ബലികൊടുക്കേണ്ടിവന്ന കീരൻെറ കഥ പറയുന്ന എസ്.കെ പൊറ്റക്കാട്ടിൻെറ 'ഭ്രാന്തൻ നായ', വിശപ്പ് സഹിക്കാനാകാതെ തൻെറ വിദ്യാർഥിയുടെ പൊതിച്ചോറ് മോഷ്ടിച്ച് കഴിക്കുന്ന അധ്യാപകൻെറ കഥ പറയുന്ന കാരൂർ നീലകണ്ഠപിള്ളയുടെ 'പൊതിച്ചോറ്' തുടങ്ങിയവ ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ടവയാണ്.

ജീവിതത്തിൻെറയും സംസ്കാരത്തിൻെറയും ആധാരമായ ആഹാരത്തെ ഭൂപ്രകൃതി, കാലാവസ്ഥ എന്നിവയൊക്കെ സ്വാധീനിക്കുന്നു. ലോകമെങ്ങും അതിനു വൈവിധ്യങ്ങൾ നിലനിൽക്കുന്നതും അതുകൊണ്ട് തന്നെ. തനതായൊരു ആഹാരസംസ്കാരം നമുക്കുണ്ടായിരുന്നു .നമുക്കുണ്ടായിരുന്നു. മണ്ണിനും കാലാവസ്ഥയ്ക്കും ആരോഗ്യത്തിനും യോജിച്ച പ്രകൃത്യനുകൂലമായ ക്രമമായിരുന്നു അത്. അവയ്ക്കിന്ന് വന്നുചേർന്നിട്ടുള്ള പരിണാമങ്ങൾ അന്വേഷിക്കുന്നത് കൗതുകമാണ്. ജീവിതസാഹചര്യങ്ങളിൽ വന്ന മാറ്റങ്ങൾ ഇന്ന് ആഹാരക്രമത്തിലും വന്നിട്ടുണ്ട്. ഈ മാറ്റങ്ങൾ ജനതയുടെ മൊത്തം ആരോഗ്യത്തെയും സംസ്കാരത്തെയും ബാധിക്കുന്നതാണ്. ഭാഷയിലും സാഹിത്യത്തിലും പ്രയോഗങ്ങളിലുമൊക്കെ അതിൻെറ പ്രതിഫലനങ്ങൾ ദർശിക്കാം. ഇന്നിപ്പോൾ പരസ്യങ്ങളുടെയും അനുകരങ്ങളുടെയും പ്രലോഭനങ്ങളുടെയും സ്വാധീനത്തിൽപ്പെട്ട് കൃത്രിമരുചികൾക്ക് പിന്നാലെ പായുകയാണ് നമ്മുടെ സമൂഹം. ഇങ്ങനെ ശീലങ്ങളിലുണ്ടാകുന്ന എല്ലാ മാറ്റങ്ങളും ആശാസ്യമാണോ? മുന്തിയ ഭക്ഷണശാലകളോടൊപ്പം തന്നെ മുന്തിയ ആശുപത്രികളും നാടുനീളെ ഉയർന്നുവരുന്നത് നമ്മൾ കാണുന്നില്ലേ?

1. അന്നത്തിൻെറ മൂല്യവും അന്നമില്ലായ്മയുടെ വേദനകളും വിഷയമായിട്ടുള്ള മലയാളത്തിലെ പ്രശസ്ത കഥകൾ ഏതെല്ലാം? $(5 \times 2 = 10)$

2. ഒരർഥത്തിൽ ജീവിതം എന്താണ്? എന്താണ് അങ്ങനെ പറയാൻ കാരണം?

3. ലോകമെങ്ങും ആഹാരത്തിന് വൈവിധ്യങ്ങൾ ഉള്ളത് എന്തുകൊണ്ട്?

4. ജീവിതസാഹചര്യങ്ങളിൽ വന്ന മാറ്റങ്ങൾ നമ്മുടെ ആഹാരക്രമത്തെ ബാധിച്ചിരിക്കുന്നത് എങ്ങനെ?

5. ഖണ്ഡികയ്ക്ക് ഉചിതമായ ഒരു തലക്കെട്ട് നൽകുക

## ബി വിഭാഗം / SECTION B

**2. (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ര□ ുപുറത്തിൽ കവിയാതെ ഉപന്യസിക്കുക** 8

1). മാറുന്ന ഭക്ഷണരീതിയും ആരോഗ്യപ്രശ്നങ്ങളും

2). ആധുനികജീവിതരീതിയും പരിസ്ഥിതി പ്രശ്നങ്ങളും

3). കേരളത്തിൽ വർദ്ധിച്ചുവരുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ

(b). നിങ്ങളുടെ വിദ്യാലയത്തിനടുത്ത് ഈയിടെയായി പ്രവർത്തനം ആരംഭിച്ച മദ്യശാല ഉടൻ പൂട്ടിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട അധികാരിക്ക് ഒരു കത്തെഴുതുക. 8

## സി – വിഭാഗം / SECTION C

**3. (a) പ്രയോഗം മാറ്റുക** 1

ഒരു പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു.

**(b) വാക്യത്തിൽ തെറ്റു□ ങ്കിൽ തിരുത്തിയെഴുതുക** 1

രാജാവിൻെറ ഈ വിലാപം കേട്ട ആയിരക്കണക്കിന് ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി..

**(c). അർഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക** 1

യുദ്ധത്തിൻെറ ആദ്യദിവസങ്ങളിൽ ഈ കരാറെല്ലാം ഏറെക്കുറെ പാലിക്കപ്പെട്ടു.

**(d). പദങ്ങൾ പിരിച്ചെഴുതി സന്ധി നിർണയിക്കുക** (2× 1 = 2)

1). ശ്രദ്ധാഞ്ജലി

2). സുഖോദയം

**(e). വിഗ്രഹിച്ച് സമാസം എഴുതുക** (2× 1 = 2)

1). പ്രണയചാപലം

2). സ്വപ്നസമാനം

4. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക

(a) പര്യായപദങ്ങൾ എടുത്തെഴുതുക (2× 1 = 2)

1). രോഷം – (താപം, രുഷ, കോപം, തൃക്ഷ്ണ)
2). യാഗം – (ക്രതു, ത്യാഗം, മേധം, തപം)

(b). വിപരീതപദം ക□ ത്തി എഴുതുക (2× 1 = 2)

1). സ്വം × (നിരാസം, നിസ്വം, പരസ്വം,നിരാസ്വം)
2). ഉന്മേഷം × (നിരുന്മേഷം, ഉത്സാഹം, നിരുത്സാഹം,നിർനിമേഷം)

(c). നാനാർഥപദങ്ങൾ എടുത്തെഴുതുക (2× 1 = 2)

1). പട്ട – (മരത്തൊലി, പേടകം, പനയുടെ തൊലി, പനയുടെ ഓല)
2). ചോല – (പുഴ, കാട്ടരുവി, നിഴൽ, തണൽ)

(d). അർഥവ്യത്യാസം എഴുതുക (2× 1 = 2)

1). ദിഷ്ടം – ദൃഷ്ടം (കഷ്ടകാലം, കാണപ്പെട്ടത്, ദിവസം, ഭാഗ്യം)
2). അങ്കം – അംഗം (ശരീരം, അശ്വം, യുദ്ധം, അവയവം)

(e). എതിർലിംഗമെഴുതുക (2× 1 = 2)

1). കുമാരൻ (കുമാര, കുമരി, കുമാരി, കുമാരിണി)
2). പ്രാണി (പ്രാണ, പ്രാണനി, പ്രാണിനി, പ്രണയിനി)

## ഡി – വിഭാഗം / SECTION D

5. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക (10× ½ = 5)

a). വയലാറിൻെറ 'അശ്വമേധം' എന്ന കവിത അദ്ദേഹത്തിൻെറ ഏത് കവിതാസമാഹാരത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്?
(പാദമുദ്രകൾ, ആയിഷ, സർഗ്ഗസംഗീതം, മുളങ്കാട്)

b). സംസാരനാശിനിയായത് ഏത്?
(ക്രോധം, വിദ്യ, അവിദ്യ, മോഹം)

c). കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര്? (ചെറുശ്ശേരി, കുഞ്ചൻനമ്പ്യാർ, എഴുത്തച്ഛൻ, പൂന്താനം)

d). താഴെ കൊടുത്തവരിൽ ഒ.വി. വിജയന്റെ സമകാലികനായ എഴുത്തുകാരനാര്?
(മുകുന്ദൻ, കാരൂർ നീലകണ്ഠപിള്ള, സി.വി. രാമൻപിള്ള, അശോകൻ ചെരുവിൽ)

e). ദ്രോണപുത്രനെ സേനാപതിയായി അഭിഷേചിച്ചത് ആര്?
(ദുര്യോധനൻ, കൃതവർമ്മാവ്, കൃപർ, വ്യാസൻ)

f). 'തൂലിക പടവാളാക്കിയ കവി' ആര്?
(വയലാർ രാമവർമ്മ, കുമാരനാശാൻ, വള്ളത്തോൾ, ഇടശ്ശേരി ഗോവിന്ദൻനായർ )

g). 'കടൽത്തീരത്ത്' എന്ന കഥയിൽ പരാമർശിക്കപ്പെടുന്ന ഗ്രാമം ഏത്?
(കണ്ണൂർ, പാലക്കാട്, പാഴുതറ, പാലത്തറ)

h). ശ്രീനാരായണ ഗുരുവിന്റെ അരുമശിഷ്യനായിരുന്ന കവി ആര്?
(വൈലോപ്പിള്ളി ശ്രീധരമേനോൻ, വയലാർ രാമവർമ്മ, കുമാരനാശാൻ, വള്ളത്തോൾ)

i). അംബയുടെ പുരുഷാവതാരം ആര്?
(ഭീഷ്മർ, അശ്വത്ഥാമാവ്, ശിഖണ്ഡി, ദുര്യോധനൻ)

j). 'പ്രരോദനം' എന്ന കവിതാഭാഗം ആശാന്റെ ഏത് ഖണ്ഡകാവ്യത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്? (വീണപൂവ്, നളിനി, കരുണ, ചണ്ഡാലഭിക്ഷുകി)

**6.** (a) **ഉത്തരമെഴുതുക** $(3\times 4 = 12)$

(1). "ആ ഹൃദയോന്നതിക്കു മുമ്പിൽ ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും?" ആരുടെ? എന്തുകൊണ്ട്? സന്ദർഭം വിശകലനം ചെയ്യുക

(2). വെള്ളായിയപ്പന്റെ ദു:ഖം ഗ്രാമത്തിന്റെ ദു:ഖമായി കഥാകൃത്ത് ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ?

(3). ലേഖകന്റെ അഭിപ്രായത്തിൽ അശ്വത്ഥാമാവിനെ ചിരഞ്ജീവിയായും സർവ്വവ്യാപിയായും കല്പിച്ചിരിക്കുന്നതിന്റെ അർത്ഥം എന്ത്?

(3× 4 = 12)

(b)

(1). 'ഏകുമർഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ'- ആരുടെ വാക്കുകൾ? ഇപ്രകാരം പറയുന്നത് എന്തുകൊണ്ട്?

(2). "പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം"- സന്ദർഭം, ആശയം വ്യക്തമാക്കുക

(3). "ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!"- ഈ വരികളിൽ തെളിയുന്ന കവിയുടെ ജീവിതവീക്ഷണം എന്ത്?

(2× 4 = 8)

7. **ഏതെങ്കിലും രണ്ടെണ്ണത്തിന മാത്രം ഉത്തരമെഴുതുക**

a). കുഞ്ഞൻപിള്ളയ്ക്ക് 'ചട്ടമ്പി' എന്ന വിശേഷണം ലഭിച്ചത് എങ്ങനെ?

b) ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണ ഗുരുവിൻെറയും സൗഹൃദം വിശദമാക്കുക

c). കുട്ടികളോടുള്ള ചട്ടമ്പിസ്വാമികളുടെ സമീപനം എങ്ങനെയായിരുന്നു?

**End of Question Paper**